**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2195 | 04.11.2019 ൽ മറുപടിയ്ക്ക് |
|---|---|
| **മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്ന പദ്ധതി** | |
| ചോദ്യം | മറുപടി |
| **ശ്രീ.വി.എസ്.ശിവകുമാർ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ വലിയതുറ, ശംഖുമുഖം എന്നിവിടങ്ങളിൽ അങ്കണവാടികൾ സ്ഥാപിക്കുന്നതിന് സ്ഥലം നിർദ്ദേശിച്ചിരുന്ന വിഷയത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | എ) തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ വലിയതുറ, ശംഖുമുഖം എന്നിവിടങ്ങളിൽ അങ്കണവാടികൾ സ്ഥാപിക്കുന്നതിന് കണ്ടെത്തിയ ഭൂമി വനിതാ ശിശു വികസന വകുപ്പിന് കൈമാറുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അപേക്ഷ നല്കിയിട്ടുണ്ട്. |
| ബി) അങ്കണവാടികൾ എത്രയും വേഗം യാഥാർത്ഥ്യമാക്കുന്നതിന് വലിയതുറ സെന്റ് സേവ്യേഴ്സ് നഗറിലെ ഡയറി ഡെവലപ്മെന്റ് വകുപ്പിന്റെ അധീനതയിലുള്ള ഭൂമി, ശംഖുമുഖം പോലീസ് സ്റ്റേഷന് സമീപമുള്ള റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി എന്നിവ സാമൂഹ്യനീതി വകുപ്പിന് കൈമാറുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യനീതി വകുപ്പിൽ പെൻഡിംഗിലുള്ള ഫയൽ നടപടി ത്വരിതപ്പെടുത്തി, പ്രൊപ്പോസൽ സമർപ്പിച്ച് രണ്ടുവർഷം പിന്നിട്ടിട്ടും ഇനിയും കാലതാമസം ഉണ്ടാക്കാതെ പദ്ധതി നടപ്പിലാക്ക-ുന്നതിനാവശ്യമായ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ? | ബി) റവന്യൂ വകുപ്പിൽ നിന്നും വനിത ശിശു വികസന വകുപ്പിന് ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് നിലവിലെ പദ്ധതി പ്രകാരം കെട്ടിട നിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ